**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **17-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്തിലേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന് എന്തെല്ലാം തരത്തിലുള്ള റെയിൽ, റോഡ് വികസന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവെയുമായി ബന്ധിപ്പിക്കുന്ന റെയിൽപാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽ പാതയുടെ DPR-ന് 16/03/2022 ൽ ദക്ഷിണ റെയിൽവെയുടെ അംഗീകാരം ലഭിച്ചു. ഈ പാതയുടെ പാരിസ്ഥിതികാനുമതി 17/07/2024 നു കേന്ദ്ര പാരിസ്ഥിതിക വകുപ്പിൽ നിന്നും ലഭിക്കുകയും പദ്ധതിയുടെ DPR-ന് 20/03/2025 ന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട് ബാലരാമപുരം ഭാഗത്തെ സ്ഥലമെടുപ്പ് അന്തിമഘട്ടത്തിലാണ്. കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ.പി.സി. ടെൻഡർ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചു വരുന്നുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ദക്ഷിണ റെയിൽവെയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km നീളമുള്ള റെയിൽപാതയിൽ, ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം 9.0 km തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>വിഴിഞ്ഞം തുറമുഖത്തേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന്, തുറമുഖത്തെ ദേശീയപാത NH66 മായി ബന്ധിപ്പിക്കുന്ന റോഡിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പോർട്ടിൽ നിന്നും NH66 മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് റോഡിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പോർട്ട് റോഡ് NH66 മായുള്ള ഇന്റർസെക്ഷൻ NHAI യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിഴിഞ്ഞം തുറമുഖത്തു നിന്നും തുറമുഖ റോഡും, ഔട്ടർ റിംഗ് റോഡും, ദേശീയപാത NH66-മായി ബന്ധിപ്പിക്കുമ്പോൾ തുറമുഖ |

| | | | |
|---|---|---|---|
| | | | പാതയിലും ഔട്ടർ റിംഗ് റോഡിന്റെയും ദേശീയപാതയുടെയും ട്രാഫിക് കണക്കിലെടുത്ത് ഈ ജംഗ്ഷനെ ക്ലോവർലീഫ് ആയി നിർമ്മിക്കുന്നതിനുള്ള ഇന്റർസെക്ഷൻ സ്കീമും NHAI യുടെ പരിഗണനയിലാണ്. ഏകദേശം 14 ഹെക്ടർ ഭൂമി ഇതിന് ആവശ്യമായി വരും എന്ന് കണക്കാക്കുന്നു. ഇതിന് ഏകദേശം 312 കോടി രൂപ പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക NHAI യും കേരള സർക്കാരും 50:50 എന്ന അനുപാതത്തിൽ പങ്കിടുന്നതിൽ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ